(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരാതിയിൻമേൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) അമ്യൂസ്മെന്റ് പാർക്കുകളെ വിനോദനികുതിയിൽനിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

അമ്യൂസ്മെന്റ് പാർക്കുകളിലെ പ്രവേശന ടിക്കറ്റിന്റെ നിരക്ക് നിയന്ത്രിക്കാൻ നടപടി

106 (3060) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അമ്യൂസ്മെന്റ് പാർക്കുകളിലും മറ്റ് വിനോദ കേന്ദ്രങ്ങളിലും പ്രവേശന ടിക്കറ്റിന്റെ നിരക്ക് നിശ്ചയിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്താനും അന്യായമായ നിരക്ക് വർദ്ധന തടയാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

അമ്യൂസ്മെന്റ് പാർക്കുകളിൽ പ്രവേശനനിരക്ക് നിശ്ചയിക്കുന്നതിൽ നിലവിൽ നിയന്ത്രണങ്ങൾ ഇല്ല.

പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാൻ അനുമതി

107 (3061) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനുവേണ്ടി ഓരോ പഞ്ചായത്തും ഒരുലക്ഷം രൂപ വീതം സർക്കാരിലേയ്ക്ക് അടച്ചിരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുവരെയായി പ്രസ്തുത മെഷീൻ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത് അനുവദിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തുക അതാതു പഞ്ചായത്തുകൾക്ക് തിരിച്ചു നൽകി ഗ്രാമപഞ്ചായത്തുകളെ പ്രസ്തുത മെഷീൻ വാങ്ങാൻ അനുവദിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഫോട്ടോസ്റ്റാറ്റ് മെഷീൻ കേന്ദ്രീകൃതമായി വാങ്ങാനായിരുന്നു മുൻസർക്കാരിന്റെ തീരുമാനം. പിന്നീട് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്ലാൻ ഫണ്ടിൽ നിന്ന് വാങ്ങാൻ അനുമതി നൽകി. എന്നാൽ ഈ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട ഒ.പി. 37364/02-ൽ ഹൈക്കോടതി സ്റ്റേ അനുവദിക്കുകയും ഈ സ്റ്റേ ഉത്തരവ് മുൻ

LIBRARY ARCHIVES Kerala Legislative Assembly